**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**ഇരുപത്തി ആറാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14) യുടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**ഇരുപത്തി ആറാമത് റിപ്പോർട്ട്**

[2015 ഡിസംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്]

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14) യുടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

1316/2015.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി

# (2014-16)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെട്ടത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തി ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതിയായി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 3.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ ഒൻപതാമത് റിപ്പോർട്ട്, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി ആരംഭിച്ചിട്ടുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സന്ദർശിച്ച് നടത്തിയ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതായിരുന്നു. പ്രസ്തുത റിപ്പോർട്ട്, 2014 ജനുവരി 30-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ടു മാത്രമെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ രാജ്യത്തിന്റെ വികസന പന്ഥാവിലേക്ക് നയിക്കുവാനും, അതുവഴി മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുവാനും സാധിക്കുകയുള്ളൂ എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് സ്ഥാപിച്ചിട്ടുള്ള വിവിധ ജില്ലകളിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിലവിലെ അവസ്ഥ പരിശോധിക്കുന്നതിനായി, സമിതി നടത്തിയ സന്ദർശനങ്ങളുടെയും, വിവിധ ജില്ലാതല ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 19 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

3. റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനും അതുസംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി റിപ്പോർട്ടിന്റെ പകർപ്പ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 11-8-2015-ലെ 19104/ഇ1/15/പജപവവിവ., 5169/ബി1/2014/പജപവവിവ. നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 12-8-2015-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ ഒൻപതാമത് റിപ്പോർട്ടിലെ 1 മുതൽ 19 വരെയുള്ള ശിപാർശകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1316/2015.

## അദ്ധ്യായം II

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ സംബന്ധിച്ച വിശദാംശം

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 13)

കുട്ടികളോടൊപ്പം അദ്ധ്യാപകർ താമസിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കട്ടേല എം.ആർ.എസു.മായി ബന്ധപ്പെട്ട ശിപാർശയാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ആലപ്പുഴ-പുന്നപ്ര, എറണാകുളം-കീഴ്മാട്, പാലക്കാട്-തൃത്താല, കാസർഗോഡ്-വെള്ളച്ചാൽ എന്നീ എം.ആർ.എസു.കളിൽ നിലവിലുള്ള ക്വാർട്ടേഴ്സുകളിൽ അദ്ധ്യാപകർ താമസിക്കുന്നുണ്ട്. ക്വാർട്ടേഴ്സ് സൗകര്യം ഉള്ളിടത്ത് അദ്ധ്യാപകർ നിർബന്ധമായും താമസിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ക്വാർട്ടേഴ്സ് ഇല്ലാത്ത എം.ആർ.എസു.കളിൽ ക്വാർട്ടേഴ്സുകൾ പണിയുന്ന മുറയ്ക്ക് അദ്ധ്യാപകർ താമസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോഴിക്കോട് എം.ആർ.എസ്.-ൽ ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ അദ്ധ്യാപകർക്ക് താമസിക്കുവാൻ കഴിയുന്നില്ല. പ്രസ്തുത എം.ആർ.എസി.നായി മരുതോങ്കരയിൽ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

### (ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

കുട്ടികളോടൊപ്പം അദ്ധ്യാപകർ താമസിക്കണമെന്ന നിബന്ധന പാലിച്ചുവരുന്നു.

### ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 14)

മെയിന്റനൻസ് പണി യഥാസമയം ചെയ്യിപ്പിക്കുന്നതിനുള്ള വീഴ്ച ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമാണ് അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നത്. കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ നടത്തിക്കിട്ടുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. അറ്റകുറ്റപ്പണിയിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 14)

സ്കൂളിന്റെ മെയിന്റനൻസ് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

സ്കൂൾ കെട്ടിടം, ഹോസ്റ്റൽ, ലാബുകൾ എന്നിവയുടെ മെയിന്റനൻസ് പണികൾ ഈ അദ്ധ്യയന വർഷം പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 14)

ലൈബ്രറി കെട്ടിടത്തിന്റെ പണി അടിയന്തരമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

കട്ടേല മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ലൈബ്രറി കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചുവരുന്നു.

ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 15)

ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക ഹോസ്റ്റലും മറ്റ് അനുബന്ധ സൗകര്യങ്ങളും അടിയന്തരമായി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി പ്രത്യേക ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 16)

സ്കൂളുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

സ്കൂളിന്റെ ഒരു വശം ഒഴിച്ച് ബാക്കി സ്ഥലത്ത് ചുറ്റുമതിലും/ഗ്രില്ലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിന് ചുറ്റും ഗ്രില്ല് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 16)

സ്കൂൾ കോമ്പൗണ്ടിലൂടെ വഴിനടക്കുന്ന കുടുംബങ്ങൾക്ക് മറ്റ് പൊതുവഴി ലഭ്യമല്ലെങ്കിൽ ചുറ്റുമതിലിനോട് ചേർന്ന് പുറമെ വഴി കൊടുക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

സ്കൂൾ കോമ്പൗണ്ടിന് സമീപം താമസിക്കുന്ന 3 കുടുംബങ്ങൾക്ക് പോയിവരുന്നതിന് വഴിയില്ലാത്തതിനാൽ സ്കൂൾ കോമ്പൗണ്ടിലൂടെ നടന്നുവരുന്നു. ടി ഭാഗത്ത് കോമ്പൗണ്ട് വാൾ നിർമ്മിച്ച് പുറത്തുകൂടി വഴി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

<u>ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 16)</u>

രാത്രികാലങ്ങളിൽ സ്കൂളിനും അന്തേവാസികളായ കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സെക്യൂരിറ്റി ഗാർഡുകളുടെ അധികതസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

വാച്ചുമാൻമാരെ സ്കൂളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ വിമുക്തഭടന്മാരെ സെക്യൂരിറ്റി ഉദ്യോഗസ്ഥരായി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിയമിച്ചുവരുന്നു. ഒരു ദിവസം 8 മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളായി ജോലി ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 17)</u>

കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന്റെ ഭാഗമായി സ്കൂൾ വളപ്പിൽ അടിയന്തരമായി ഒരു കിണർ കുഴിക്കുന്നതിനും കിണർജലം സംഭരിച്ച് വിതരണം നടത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

നിലവിൽ വാട്ടർ അതോറിറ്റി വഴിയും, ഹയർ സെക്കന്ററി ബ്ലോക്കിന് സമീപത്തുള്ള കിണറിൽ നിന്നും സ്കൂളിന് ആവശ്യമായ കുടിവെള്ളം ലഭിച്ചുവരുന്നു. ടി കിണറിൽ പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചാൽ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 18)</u>

കുട്ടികളുടെ ഡോർമിറ്ററിയിൽ ആവശ്യത്തിനുള്ള കബോർഡ് പണികഴിപ്പിക്കണമെന്നും എല്ലാ ഡോർമിറ്ററികളിലും ടൈൽസ് പാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

ഡോർമിറ്ററിയിൽ മെയിന്റനൻസ് വർക്ക് നടത്തിയിട്ടുണ്ട്. ഹോസ്റ്റലിൽ കബോർഡുകൾ വളരെ കുറവാണ്, സ്ഥല ലഭ്യതയനുസരിച്ച് കബോർഡുകൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 25)</u>

കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമാകത്തക്കവിധം സ്വന്തമായി കെട്ടിടം ഉള്ള എല്ലാ എം.ആർ.എസ്സു.കളിലും മേന്മയുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

ക്ഷേമ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മികച്ച രീതിയിലുള്ള കളിസ്ഥലങ്ങൾ ഇല്ലാത്ത എം.ആർ.എസ്.കളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. മുഖേനയുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാക്കുവാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളച്ചാൽ എം.ആർ.എസിൽ കളിസ്ഥലനിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. കീഴ്മാട് എം.ആർ.എസിൽ കളിസ്ഥലത്തിന് മധ്യേ തടസ്സമായിട്ടുള്ള ബാസ്കറ്റ്ബാൾ കോർട്ട് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉള്ള്യേരി എം.ആർ.എസിന് മരുതോങ്കരയിൽ കെട്ടിടനിർമ്മാണം നടത്തുന്നതോടൊപ്പം കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലം ലഭ്യമായിട്ടുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി കളിസ്ഥലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 26)

തൊഴിൽരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

എം.ആർ.എസിലെ വിദ്യാർത്ഥികൾക്ക് മാനേജർ-കം-റസിഡൻഷ്യൽ ട്യൂട്ടർ ട്യൂഷൻ നൽകി വരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യരായവരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യാപകർക്ക് ശമ്പളത്തോടൊപ്പം പ്രത്യേക ഇൻസെന്റീവ് നൽകി ക്ലാസ് സമയത്തിനുശേഷം കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസ് നൽകി വരുന്നുണ്ട്. കൂടാതെ റസിഡന്റ് ട്യൂട്ടറും ഗൈഡൻസ് നൽകി വരുന്നു. ആയതിനാൽ ട്യൂഷൻ സമ്പ്രദായംകൂടി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നില്ല.

ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 27)

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഒരു പി.ടി.എ. അംഗത്തെക്കൂടി നോമിനേറ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

19-5-2012-ലെ സ.ഉ.(സാധാ.) നമ്പർ 734/2012/പജപവവിവ. നമ്പർ ഉത്തരവുപ്രകാരം രക്ഷാകർത്താക്കളുടെ പ്രതിനിധിയെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ രക്ഷാകർതൃ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 28)

എം.ആർ.എസ്.കൾ പ്രവർത്തിക്കാൻ താൽക്കാലിക/വാടക കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിലൂടെ വാടകയിനത്തിലും അറ്റകുറ്റപ്പണികളിലും സർക്കാരിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കാൻ സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

വകുപ്പിന്റെ 9 എം.ആർ.എസ്.കളിൽ ഉള്ള്യേരി, ചേലക്കര എന്നിവ ഒഴികെയുള്ള എല്ലാ എം.ആർ.എസ്.കളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ചേലക്കര എം.ആർ.എസ്. നിലവിൽ വടക്കാഞ്ചേരി എം.ആർ.എസിന്റെ ഒഴിവുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത എം.ആർ.എസിനായി തിരുവില്വാമലയിൽ കെട്ടിട നിർമ്മാണത്തിനായി 590 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഉള്ള്യേരി എം.ആർ.എസ്സിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 10 ഏക്കർ സ്ഥലം ജില്ലാ പഞ്ചായത്ത് മുഖേന ലഭ്യമാവുകയും, കെട്ടിട നിർമ്മാണത്തിന് 4425 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ (2014-15) 16 സ്കൂളുകളിലും സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത തിരുനെല്ലി, പൂക്കോട്, എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. അട്ടപ്പാടി, മൂന്നാർ, നല്ലൂർനാട്, കണ്ണൂർ, കാസർഗോഡ് എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് അഡീഷണൽ ഹോസ്റ്റൽ/കെട്ടിട ബ്ലോക്ക് പണിയുന്നതിലേക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 28)

പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ യാത്രാസൗകര്യം, ജലലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

ജലലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള സ്ഥലങ്ങളാണ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

സമിതിയുടെ നിർദ്ദേശം പാലിക്കുന്നുണ്ട്.

ശിപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 29)

സ്വന്തമായി വാഹനം ഇല്ലാത്ത എല്ലാ എം.ആർ.എസ്.കളിലും അടിയന്തരമായി ഓരോ വാഹനമെങ്കിലും വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

ആവശ്യമായ സാഹചര്യങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

വകുപ്പിന് കീഴിലുള്ള കട്ടേല, ഞാറനീലി, നല്ലൂർനാട് എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് സ്വന്തമായി വാഹനമുണ്ട്. മറ്റ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഓരോ വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചുവരുന്നു. സ്വന്തമായി വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശിപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 30)

പ്ലസ് ടു കോഴ്സ് അനുവദിക്കാത്ത എല്ലാ എം.ആർ.എസ്.കളിലും പ്രസ്തുത കോഴ്സ് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

നിലവിൽ 4 എം.ആർ.എസ്.-ൽ +2 കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമുള്ള വടക്കാഞ്ചേരി എം.ആർ.എസിൽ +2 അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് എം.ആർ.എസിൽ +2 അനുവദിക്കുന്നതിന് ആവശ്യമായ ഡോർമെട്ടി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഡോർമെട്ടി സൗകര്യം ഏർപ്പെടുത്തിയശേഷം പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കുഴൽമന്ദം, ചേലക്കര എം.ആർ.എസ്.കളിൽ +2 കോഴ്സ് ആരംഭിക്കുന്നതിന് ക്ലാസ് മുറികളും ഡോർമെട്ടികളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മതിയായ അടിസ്ഥാന സൗകര്യം ലഭ്യമായിട്ടുള്ള 12 സ്കൂളുകളിലും +2 കോഴ്സ് അനുവദിച്ച് ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 30)

എം.ആർ.എസ്.കളിൽ പഠിപ്പിക്കാൻ നിയോഗിക്കുന്ന അദ്ധ്യാപകരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധനാ വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള അദ്ധ്യാപകരെ അഡീഷൺ-ടു-കേഡർ വഴിയാണ് എം.ആർ.എസ്.കളിൽ നിലവിൽ നിയമിച്ചു വരുന്നത്. ഇവർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പാണ് നൽകുന്നത്. സമിതിയുടെ നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

നയപരമായ തീരുമാനം ആവശ്യമായ ടി വിഷയം പരിശോധിക്കുന്നതാണ്.

ശിപാർശ നമ്പർ 19 (ഖണ്ഡിക നമ്പർ 31)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ, സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് പ്രൊമോട്ടർമാരുടെയോ സോഷ്യൽ ആക്ടിവിസ്റ്റുകളുടെയോ സഹായത്തോടെ തുടർവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സഹായവും സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ആവശ്യമായ പദ്ധതികൾകൂടി ആവിഷ്കരിച്ച് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

സമിതിയുടെ നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

സമിതിയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,

2015 നവംബർ 25.